• കത്ത്

# ഞാൻ ഒരു പരീക്ഷണ എലിയല്ല

**ജി.എം.വിളകൾ നിരോധിക്കണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രി മൻമോഹൻ സിംഗിനയച്ച കത്ത്**

പ്രിയപ്പെട്ട ഡോ. മൻമോഹൻ സിംഗ്,

നമ്മുടെ ആരോഗ്യത്തെയും ലോക ആഹാരവ്യവസ്ഥയേയും സാരമായി ബാധിക്കുന്നു വളരെയേറെ പ്രാധാനുമുള്ള ഒരു കാര്യം. ജനിതക മാറ്റം വരുത്തിയ ഭക്ഷണവും വിത്തുകളും ബോധിപ്പിക്കുന്നതിനാണ് ഈ കത്ത്. വിവിരം ബോധിപ്പിച്ച ഉടൻ തന്നെ ജി.എം. വിളകൾക്കും വിത്തുകളോടുമുള്ള തന്റെ ശക്തമായ എതിർപ്പ് അദ്ദേഗം അറിയിച്ചിരുന്നു. കൂടാതം ഡോ. പുഷ്പ ഭാർഗ്ഗവയെപ്പോലെയുള്ള പ്രശസ്ത ശാസ്തരജ്ഞർ ജി.എമ്മിന്റെ ദൂഷ്യങ്ങൾ താങ്കളെ അറിയിച്ചതാണല്ലോ? ഈ പ്രശ്നത്തിൽ താങ്കൾ അടിയന്തിമായി പ്രതികരിക്കുമെന്ന് കരുതുന്നു. ജനിതകമാറ്റ പ്രക്രിയ.

നമ്മുടെ ഭക്ഷ്യവസ്തുക്കളിൽ പ്രവചനാതീതമായതും തിരിച്ചറിയാൻ പറ്റാത്തതുമായ പ്രശ്നങ്ങളുണ്ടാക്കുമെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ ജി.എം. കമ്പനികൾ തന്നെ ജീവികളിൽ നടത്തിയ പരീക്ഷണങ്ങൾ ജനിതകമാറ്റം വരുത്തിയ ഭക്ഷ്യവസ്തുക്കൾ ഉണ്ടാക്കുന്ന സാരീരിക വൈകല്യങ്ങളെക്കുറിച്ചും വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നതിനെക്കുറിച്ചും അറിവുകൾ നൽകുന്നു. കുറയുന്ന പ്രതിരോധ ശക്തിയും കുട്ടികളിലുണ്ടാക്കിയ ദോഷമായ ഫലങ്ങളും കൂടാതെ ഭക്ഷ്യവസ്തുക്കളിലെ പോഷകങ്ങളുടെ ഘടനാപരമായ മാറ്റത്തിനും ജി.എം. കാരണമാകുന്നു.

ഇത്തരം നിരവധി തെളിവുകളുണ്ടായിട്ടും ലോകരാഷ്ട്രങ്ങളിൽ പലതും ജി.എം. ഭക്ഷ്യവിളകൾ നിരോധിച്ചിട്ടും ഇന്ത്യയിൽ Bt വഴുതന കൃഷിചെയ്യാൻ പോവുകയാണ്. Bt വഴുതനയുടെ ജൈവ സുരക്ഷിതത്വം ചോദ്യം ചെയ്യപ്പെടേണ്ടതാണ്. ജി.എം. കമ്പനികൾ നൽകിയ വിവരങ്ങൾ മാത്രം അടിസ്ഥാനമാക്കിയാണ് ഇപ്പോൾ തീരുമാനങ്ങളെടുക്കുന്നത്.

സുസ്ഥിര കാർഷിക സാങ്കേതിക വിദ്യകൾ ആവിഷ്ക്കരിച്ചുകൊണ്ട് നമ്മുടെ ഭക്ഷണത്തിൽ നിന്നും കൃഷിയിൽ നിന്നും ആരോഗ്യവും പരിസ്ഥിതിയും നശിപ്പിക്കുന്ന ജി.എം. പരീക്ഷണങ്ങളെ അകറ്റി നിർത്തുന്നതിന് പ്രധാനമന്ത്രിയെന്ന നിലയിലും കേന്ദ്രപരിസ്ഥിതി മന്ത്രിയെന്ന നിലയിലും താങ്കൾക്ക് അധികാരവും ഉത്തരവാദിത്വവുമുണ്ട്.

പ്രിയപ്രധാനമന്ത്രി ഈ സങ്കേതം എന്നിൽ പരീക്ഷിക്കാതിരിക്കുക. ഞാൻ ഒരു പരീക്ഷണ എലിയല്ല. ജി.എം. ഭക്ഷണം ഞാൻ കഴിക്കില്ല. Bt വഴുതനയടക്കമുള്ള ജി.എം. ഭക്ഷ്യവിളകളുടെ പ്രയോഗം ജി.എം. ഭക്ഷ്യവസ്തുക്കളുടെ പ്രയോഗവും നിരോധിക്കണമെന്ന് ഞാനപേക്ഷിക്കുന്നു.

